(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-10/990/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ, തീയതി:27.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടയത്തുർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കടയത്തുർ ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയത്തുർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-10/990/2017

തിയതി:27.07.2017

## ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക 2016-2017 വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.10.2016മുതൽ 14.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.07.2017മുതൽ 20.07.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | | രാജീവ് എം.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | | ജോസഫ് ചാക്കോ | സിനി.ഗ്രേഡ് ഓഡിറ്റർ |
| | | മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പുഷ്പ വിജയൻ | 01.04.2016മുതൽ31.03.2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.പി.സലിം | 01.04.2016മുതൽ30.06.2016വരെ |
| | ശ്രീ.ജോൺസൺ എം.ജെ (എച്ച്.സി)ഫുൾ അഡീഷണൽ ചാർജ്ജ് | 01.07.2016മുതൽ31.08.2016വരെ |
| | ശ്രീ.സജി തോമസ് | 01.09.2016മുതൽ31.03.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ മാർട്ടിൻ തോമസ്. | 01.04.2016മുതൽ31.03.2017വരെ |
| അസി. എൻജിനീയർ | ശ്രീ മാക്സ് വെൽ കെ.സി | 01.04.2016മുതൽ11.07.2016വരെ |
| | ശ്രീതി സില്ലാ മോൾ മാത്യു | 12.07.2016മുതൽ19.01.2017വരെ |
| | സത്യദാസ്.എസ് | 20.01.2017മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. രജ്ഞിത് കെ.ആർ | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജിൽസൻ ജോർജ് | 01.04.2016മുതൽ31.03.2017വരെ |
| വെറ്റനറി സർജൻ | ഡോ. മറിയാമ്മ തോമസ് | 01.04.2016മുതൽ31.03.2017വരെ |
| ഹെഡ് മാസ്റ്റർ, GLPS, കോളപ്ര | ശ്രീമതി ജി. രമാഭായി | 01.04.2016മുതൽ31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ സുധീർ യു. എ. | 01.04.2016മുതൽ31.03.2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ബിന്ദു ബി.എ. | 01.04.2016മുതൽ31.07.2016വരെ |
| | ശ്രീമതി അലീന ജോർജ് | 01.08.2016മുതൽ31.03.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി കാതറിൻ സാറാ ജോർജ് | 01.04.2016മുതൽ29.02.2017വരെ |
| | ശ്രീമതി ജാസ്മിൻ സി. എ. | 01.03.2017മുതൽ31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| ഭാഗം-2 | | |
| 13 | 2-1 | ഡി&ഓ ലൈസൻസ്- അപാകതകൾ |
| 14 | 2-2 | മൊബൈൽ ടവർ വസ്തു നികുതി പിരിവ് - അപാകതകൾ |
| 15 | 2-3 | തൊഴിൽ നികുതി -അപാകതകൾ |
| 16 | 2-4 | ബാങ്ക് പാസ് ബുക്കുകൾ - അപാകതകൾ |
| 17 | 2-5 | ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചിട്ടില്ല. |
| ഭാഗം-3 | | |
| 18 | 3-1 | അധിക സബ്സിഡിനിരക്ക് അനുവദിച്ചതിനാൽ നഷ്ടം |
| 19 | 3-2 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ- മരുന്നുകൾ ലഭിച്ചിട്ടില്ല- ചെലവ് തടസ്സം |

| | | |
|---|---|---|
| 20 | 3-3 | ഓട്ടോറിക്ഷാ വിതരണം - രേഖകൾ ഹാജരാക്കിയില്ല |
| 21 | 3-4 | വ്യക്തിഗത കക്കൂസ് നിർമ്മാണം -പണി പൂർത്തീകരിച്ചിട്ടില്ല |
| 22 | 3-5 | ഇ.എം.എസ് ഭവനനിർമ്മാണം - പൂർത്തീകരിക്കാത്തത് സംബന്ധിച്ച് |
| 23 | 3-6 | ലാപ്പ് ടോപ്പ് വിതരണം - അധികം തുക നൽകിയത് നിരാകരിക്കുന്നു ₹1600/- തടസ്സം ₹77700/- |
| 24 | 3-7 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല |
| 25 | 3-8 | തെരുവ് വിളക്കുകൾ സംബന്ധിച്ച് |
| 26 | 3-9 | ട്രൈബൽ മെഡിക്കൽ ക്യാമ്പ് -രേഖകൾ ഹാജരാക്കിയില്ല |
| 27 | 3-10 | ജവഹർ ഭവനനിർമ്മാണം - പൂർത്തീകരിക്കാത്തത് സംബന്ധിച്ച് |
| 28 | 3-11 | തെരുവുനായ നിയന്ത്രണം - പദ്ധതി പൂർത്തീകരിച്ചില്ല – തടസ്സം - ₹1,00,000/- |
| 29 | 3-13 | ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ലു കുപ്പി വിതരണം ചെയ്തില്ല. |
| ഭാഗം-4 | | |
| 30 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 33 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 34 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 37 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 39 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലും പുതുക്കിയ ബജറ്റ് 17.03.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹70313147/- (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് ₹68924200 /-യും നീക്കിയിരിപ്പ് ₹1388947/-യും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 08.05.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4785705 |
| വരവ് | 27329407 |
| ആകെ | 32115112 |
| ചെലവ് | 26881377 |
| നീക്കിയിരിപ്പ് | 5233735 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6369761 | 6369761 | 5203542 | | 81.69 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1464969 | 1464969 | 729390 | | 49.79 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3312381 | 3312381 | 1391340 | | 42 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7490274 | 7490274 | 1710813 | | 22.84 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 2196273 | | 85.96 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3572144 | 3572144 | 2690530 | | 75.31 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 11500 | 11500 | 11400 | | 99.13 |
| എം.എൻ.ആർ.ഇ.ജി.എസ്. | 70644 | 6796234 | 6866878 | 6861130 | 5748 | 99.91 |
| ബി ഫണ്ട് | 0 | 14922260 | 14922260 | 14922260 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 24775784 | 71 | 13933288 | 9 | 38 | 60.16 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

-ഇല്ല-

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 44.78ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1285841 | 2211570 | 925729 | 71.99 |
| നികുതിയേതര വരവുകൾ | 610787 | 365857 | 244930 | (-)40.10 |
| മറ്റുവരവുകൾ | 5980 | 177314 | 171334 | 2865.11 |
| ആകെ | 1902608 | 2754741 | 852133 | 44.78 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 209760 | 115 |
| കർഷകതൊഴിലാളി പെൻഷൻ | 709830 | 72 |

| | | |
|---|---|---|
| വിധവാപെൻഷൻ | 3035470 | 268 |
| വാർദ്ധക്യകാലപെൻഷൻ | 9582435 | 674 |
| വികലാംഗപെൻഷൻ | 1076755 | 84 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 278010 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 800/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 28/06.2017 | 5/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2006 | 1997-1998മുതൽ 2005-2006 വരെ | 20.11.2006 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. താഴെപ്പറയുന്ന ഇനങ്ങളിൽ വാർഷിക കണക്ക്, രജിസ്റ്റർ എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർപ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി(വാസഗൃഹം(ഡിമാന്റ്) | 819092 (I-1) | 1544162 | -725070 |
| 2 | വസ്തു നികുതി (വാസഗൃഹം)(കളക്ഷൻ) | 1163494 (RP-43) | 1008895 | 154599 |
| 3 | വസ്തു നികുതി(വാസഗൃഹം(ബാലൻസ്) | 363448 (B-15) | 455911 | -92463 |
| 4 | വസ്തു നികുതി (വാണിജ്യം)(ഡിമാന്റ്) | 533615 (I-1) | 1201953 | -668338 |
| 5 | വസ്തു നികുതി (വാണിജ്യം)(കളക്ഷൻ) | 422856 (RP-43) | 595791 | -172935 |
| 6 | വസ്തു നികുതി (വാണിജ്യം)(ബാലൻസ്) | 784636 (B-15) | 584756 | 199880 |
| 7 | തൊഴിൽനികുതി(ജീവനക്കാർ)(കളക്ഷൻ) | 504650 (RP-1) | 518600 | -13950 |
| 8 | തൊഴിൽനികുതി (ട്രൈഡേർസ്) (ഡിമാന്റ്) | 179970 (I-1) | 125270 | 54700 |
| 9 | തൊഴിൽനികുതി (ട്രേഡേർസ്) (കളക്ഷൻ) | 119370(RP-43) | 125270 | -5900 |
| 10 | തൊഴിൽനികുതി(ട്രേഡേർസ്) (ബാലൻസ്) | 60600* | 0 | 60600 |

*(പ്രസ്തുത വിവരം B-15 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല)

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷികകണക്കിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

3. സഞ്ചയ സാംഖ്യ എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഓ ട്രേഡ് ലൈസൻസ് ഫീസ്- അപാകതകൾ

2016-17 വർഷത്തെ ഡി&ഓ ട്രേഡ് ലൈസൻസ് ഫീസ് വരവുകൾ പരിശോധിച്ചതിൽ ലൈസൻസ് അനുവദിക്കൽ, ഫീസ് പിരിവ് തുടങ്ങിയ നടപടിക്രമങ്ങളിൽ ഗൗരവമേറിയ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിജു അഗസ്റ്റിൻ, പുളിയനാനിക്കൽ, അറക്കുളം എന്നയാളുടെ പേരിൽ വെള്ളിയാമറ്റം വില്ലേജിൽ സർവ്വേ നമ്പർ 146/2, കുടയത്തൂർ വില്ലേജിൽ സർവ്വേ നമ്പർ 56/2 എന്നിവയിൽപ്പെട്ട പാറമടകൾക്ക് അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ അംഗീകാര സാക്ഷ്യപത്രം എന്നിവയില്ലാതെയാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, വിഷയം മുൻ സെക്രട്ടറിയുടെ കാലഘട്ടത്തിലുള്ളതിനാൽ ടിയാളെ വിവരം അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മറുപടി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ഉയർന്ന തോതിൽ വരുമാനം ലഭിക്കുന്ന പാറമടകൾ, ക്വാറികൾ, റിസോർട്ടുകൾ, ഹോം സ്റ്റേ എന്നിവിടങ്ങളിൽ നിന്നും വളരെ കുറഞ്ഞ ലൈസൻസ് ഫീ ആണ് ഈടാക്കിയിട്ടുള്ളത്. വരുമാനം രേഖപ്പെടുത്താതെയാണ് ഈ അപേക്ഷകൾ വാങ്ങിയിട്ടുള്ളതെന്നും കാണുന്നു.

കൃത്യമായ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈസൻസുകൾ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 2-2 മൊബൈൽ ടവർ വസ്തു നികുതി പിരിവ് - അപാകതകൾ

കുടയത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയതിന്റെ വിവരം താഴെ സൂചിപ്പിക്കുന്നു.

| ക്രമ നം. | മൊബൈൽ ടവർ അഡ്രസ്സ് | വിസ്തീർണ്ണം (ച.മീ.) | ഈടാക്കേണ്ട നികുതി @500/എം2 | ഈടാക്കിയ നികുതി | നികുതി കുടിശ്ശിക (രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|
| 1 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, NHബൈപ്പാസ് റോഡ് മരട് പി.ഒ. | 11.4 | 5200 | ₹2850/- | 2850/- |
| 2 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, NHബൈപ്പാസ് റോഡ് മരട് പി.ഒ. | 15 | 30000 (2013-14 മുതലുള്ളത്) | ഇല്ല | 30,000/- |
| | | | | ആകെ | 32850/- |

എന്നാൽ കുടിശിക തുക നാളിതുവരെ ഈടാക്കിയിട്ടില്ല. കുടിശിക ഉത്തരവാദികളിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി -അപാകതകൾ

കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണാൻ കഴിഞ്ഞു.

1. ബജറ്റിൽ തൊഴിൽ നികുതി ഇനത്തിൽ 10,00,000/- രൂപ വരുമാനം ലക്ഷ്യമിട്ടെങ്കിലും 624020/- ആണ് സമാഹരിച്ചിട്ടുള്ളത്. യാഥാർത്ഥ്യബോധത്തോടു കൂടി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ് നിയമം(1994) സെക്ഷൻ 205(ബി) പ്രകാരം പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ കെട്ടിടങ്ങളും തൊഴിലുകളും പൂർണ്ണമായും അറിയുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇത് വരുമാന നഷ്ടത്തിന് ഇടയായിട്ടുണ്ട്. വരുമാനം പൂർണ്ണമായും ലഭ്യമാക്കുന്നതിന് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള മറുപടികൾ സ്വീകരിച്ച് തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ വിവരങ്ങൾ സമാഹരിച്ച് തൊഴിൽനികുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 2-4 ട്രഷറി/ബാങ്ക് പാസ് ബുക്കുകൾ - അപാകതകൾ–

2016-17-ലെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

| ബാങ്ക്, അക്കൗണ്ട് നം. | 31.3.2017-ലെ നീക്കിയിരിപ്പ് (AFS പ്രകാരം) | ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി/ അഭിപ്രായകുറിപ്പുകൾ |
|---|---|---|
| എസ്.ബി.റ്റി. പ്ലാൻ, 57057602962 | 25,22,580/- | നീക്കിയിരിപ്പ് തുകയുടെ ഫണ്ടിനങ്ങൾ സംബന്ധിച്ച കൃത്യത ഉറപ്പാക്കി നീക്കിയിരിപ്പു തുക ഉചിത നടപടികൾ സ്വീകരിച്ച് അതാത് ഫണ്ടിൽ തിരിച്ചടച്ച് അറിയിക്കേണ്ടതാണ്. |
| ഐ.ഡി.സി.ബി, മുട്ടം | 1615/- | പാസ് ബുക്ക് ലഭ്യമല്ല. നാളുകളായി ഇടപാടുകൾ നടക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ ബാങ്ക് അക്കൗണ്ട് ഇനി ആവശ്യമില്ല എങ്കിൽ ക്ലോസ് ചെയ്യേണ്ടതാണ്. |
| ട്രഷറി വിപിഎഫ്-2 | 3608/- | പാസ് ബുക്ക് ലഭ്യമല്ല. നാളുകളായി ഇടപാടുകൾ നടക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ ബാങ്ക് അക്കൗണ്ട് ഇനി ആവശ്യമില്ല എങ്കിൽ ക്ലോസ് ചെയ്യേണ്ടതാണ്. |
| ട്രഷറി വിപിഎഫ്-3 | 6877/- | പാസ് ബുക്ക് ലഭ്യമല്ല. നാളുകളായി ഇടപാടുകൾ നടക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ ബാങ്ക് അക്കൗണ്ട് ഇനി ആവശ്യമില്ല എങ്കിൽ ക്ലോസ് ചെയ്യേണ്ടതാണ്. |
| എസ്.ബി.റ്റി., മുട്ടം 67023391079 | 18472/- | കാലങ്ങളായി ഇടപാടുകൾ നടക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ ബാങ്ക് അക്കൗണ്ട് ഇനി ആവശ്യമില്ല എങ്കിൽ അക്കാര്യം ഉറപ്പാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ച് ക്ലോസ് |

| | | |
|---|---|---|
| | | ചെയ്യേണ്ടതാണ്. |
| എസ്.സി.ബി, കുടയത്തൂർ 4418 | 310246/- | അക്കൗണ്ട് 19.5.17-ൽ ക്ലോസ് ചെയ്ത് തുക ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് ചെക്ക് നം.012642/19.5.17 പ്രകാരം നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമായിട്ടില്ല. കൂടാതെ ബാങ്കിൽനിന്നും അക്കൗണ്ട് ക്ലോസ് ചെയ്ത് വാങ്ങിയിട്ടുമില്ല. ഇവ നടപ്പാക്കിഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| ഐ.ഡി.സി.ബി, കാഞ്ഞാർ 120361201200002 | 680205/- | ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെടാതെതന്നെ ഇ.എം.എസ്. ഭവന പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതാണ് തുകയെന്ന് അറിയിച്ചിട്ടുണ്ട്. ഉചിത നടപടികൾ സ്വീകരിച്ച് തുക തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

## 2-5 ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ക്രമീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 8 പ്രവൃത്തികൾക്കായി നടത്തിയ ഇ-ടെണ്ടർ നടപടികളിലൂടെ വിവിധ കരാറുകാർ ഒടുക്കിയ ടെണ്ടർ ഫീ ഓഡിറ്റ് തീയതി വരെയും പഞ്ചായത്ത് ഫണ്ടിൽ ക്രമീകരിച്ചിട്ടില്ല എന്ന കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതിനം/ പേര് | ടെണ്ടർ ഫീ |
|---|---|---|
| 1 | 27/17-ഉപ്പിടുപാറ-പുത്തൻകണ്ടം റോഡ് | 2310 |
| 2 | 37/17-പഴയപള്ളി-കുവപ്പള്ളി റോഡ് | 2940 |
| 3 | 39/17-കുന്നത്തുപടി-അട്ടൂർമല റോഡ് | 3570 |
| 4 | 48/17-മോർക്കാട്-ഹിൽവ്യൂ റോഡ് | 5250 |
| 5 | 50/17-കോളപ്ര-കടുമ്മാക്കൽ റോഡ് | 4410 |
| 6 | 59/17-കുടയത്തൂർ-കയ്യാനിപ്പുറം റോഡ് | 6300 |
| 7 | 92/17-ചാലപ്പുറം-പതിയ്ക്കൽ കോളനി റോഡ് കലുങ്ക് | 2310 |
| 8 | 25/17-പുല്ലുന്നപാറ-മുതിയാൻമല റോഡ് പുനരുദ്ധാരണം | 10600 |
| | ആകെ | 37690 |

ഇടുക്കി എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ തുക ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## 2-6 പഞ്ചായത്തു വാഹനം ഉപയോഗിക്കാത്തത്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-38 A-733 ട്രക്ക് ഓട്ടോ മാലിന്യം നീക്കം ചെയ്യുന്നതിനായി 19.02.2015 വരെ ഉപയോഗിച്ചിരുന്നു. എന്നാൽ ഇതിനുശേഷം വാഹനം ഉപയോഗിച്ചിട്ടില്ല. വാഹനം കേടുപാടുകൾ തീർത്ത്, നാശോന്മുഖമാകാതെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് വരുമാന വർദ്ധനവിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പനുസരിച്ച്, പരസ്യനികുതി ഏർപ്പെടുത്താവുന്നതാണെങ്കിലും ആ മേഖലയിലേക്ക് ചുവടുവെയ്പുകളൊന്നും ഉണ്ടായിട്ടില്ല. 209 എ വകുപ്പനുസരിച്ച് പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് സെക്രട്ടറിയുടെ അനുമതി ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന ഇടുക്കി-കട്ടപ്പന റോഡ് പരസ്യനികുതിയുടെ പ്രധാന സ്രോതസാണെങ്കിലും ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുതകുംവിധം ബൈലോ പാസ്സാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. മറ്റു തനതു വരുമാനസ്രോതസുകൾ പരിമിതമാണെന്നിരിക്കെ നൂതനമായ ഇത്തരം മാർഗങ്ങൾ വരുമാനം വർദ്ധിപ്പിക്കാൻ അവലംബമാക്കേണ്ടതാണ്. ഭരണ സമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 2-8 രസീതുകളുടെ പരിശോധന

ക്യാൻസൽഡ് രസീതുകളുടെ പരിശോധനയിൽ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്താത്തതും ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്താത്തതും സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതുമായവ കാണുവാൻ കഴിഞ്ഞു. സർക്കുലർ നം. 48544/എബി1/13/തസ്വഭവ 22.04.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതുമാണ്

## 2-9 ഓഡിറ്റ് ഇംപാക്ട്- ₹4491/- അടവാക്കി

ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ വരവ്/ചെലവ് നഷ്ട തുകയായ 4491/-രൂപ ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഇനം | രസീത് നം./തീയതി | തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 117030100429/18.0717 | 250 |
| 2 | കെട്ടിട നിർമ്മാണ പെർമിറ്റ് | 117030100445/20.07.17 | 213 |

| | | | |
|---|---|---|---|
| 3 | ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് | 117030100437/20.07.17 | 250 |
| | ” | 117030100438/20.07.17 | 250 |
| | ” | 117030100442/20.07.17 | 250 |
| | ” | 117030100439/20.07.17 | 125 |
| | ” | 117030100440/20.07.17 | 125 |
| | ” | 117030100444/20.07.17 | 125 |
| 4 | ടെക്നിക്കൽ അസിസ്റ്റന്റിന് ലീവ് സറണ്ടർ- അധിക തുക നൽകിയത് | 117030100446/20.07.17 | 2903 |
| | | ആകെ | 4491 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അധിക സബ്സിഡിനിരക്ക് അനുവദിച്ചതിനാൽ നഷ്ടം

പ്രോജക്ട് നം. :- 43/2017 ജാതി തൈ വിതരണം (എസ് സി പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ:- കൃഷി ഓഫീസർ

ചെലവ്.ബിൽ നം. :- 5/2016-17 ₹18135/- തീയതി.31.03.2017

ഗുണഭോക്തൃ വിഹിതം :- ₹6045/

ആകെ :- ₹24180/-(തൈ ഒന്നിന് ₹390/- പ്രകാരം 62തൈകൾക്ക്.)

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് ജാതി തൈകൾ വിതരണംചെയ്തതിൽ ആകെ ₹10795/- അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിതരണം ചെയ്തിട്ടുള്ള തൈകൾ-എണ്ണം | തൈകളുടെ ആകെ വില @₹390/- | നൽകിയ സബ്സിഡി | അനുവദനീയമായ സബ്സിഡി 75%(ഒരു കർഷകന് പരമാവധി ₹2500/- | അധികം നൽകിയ സബ്സിഡി തുക |
|---|---|---|---|---|---|---|
| 1 | കമലാക്ഷി ഗോപാലകൃഷ്ണൻ | 4 | 1560 | 1170 | 1170 | - |
| 2 | സന്തോഷ്,കൊച്ചിടയകുന്നേൽ | 4 | 1560 | 1170 | 1170 | - |
| 3 | തങ്കപ്പൻ, വടക്കുംകര | 34 | 13260 | 9945 | 2500 | 7445 |
| 4 | ബിന്ദു സാബു | 20 | 7800 | 5850 | 2500 | 3350 |

| ആകെ | 10795 |
|---|---|

സ.ഉ. (എം എസ്) നം.4/2016/തസ്വഭവ തീയതി.11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക.3.1.4 പ്രകാരം ഫല-പുഷ്പ-ഔഷധസസ്യ കൃഷിയ്ക്കുള്ള വിത്തുകൾക്കും തൈകൾക്കുമുള്ള സബ്സിഡി നിരക്ക് 75% നിരക്കിൽ പരമാവധി തുക ₹2500/-എന്ന് നിജപ്പെടുത്തിയിരിക്കെ മേൽ പ്രസ്താവിച്ചിട്ടുള്ള ക്രമ നം. 3, 4 ഗുണഭോക്താക്കൾക്കായി ആകെ ₹10795/- അധികമായി അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം നൽകിയ അധിക സബ്സിഡി ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ ഈടാക്കേണ്ടതും അതിനു കഴിയാതെ വരുന്ന പക്ഷം ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതുമാണ്.

## 3-2 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭിച്ചിട്ടില്ല- ചെലവ് തടസ്സം

പദ്ധതി നം. :-11/2016-17

നിർവ്വഹണ ഉദ്യോഗസ്ഥൻ:-സെക്രട്ടറി

ചെലവ്- ചെക്ക് നം. :-21391/16-03-2017 ₹43400/-(തനതു ഫണ്ട്)

ബിൽ നം. :-55/17-03-2017 ₹50000/-(മെയിന്റനൻസ് ഗ്രാന്റ്)

ആകെ :-₹93400/-

സൂചിത ബിൽ പ്രകാരം പിൻവലിച്ച ₹93400/- പഞ്ചായത്ത് ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട് എങ്കിലും ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ ₹93400/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഓട്ടോറിക്ഷാ വിതരണം - രേഖകൾ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് | :- | ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷ വിതരണവും |
| പ്രോജക്ട് നം. | :- | 101/17 |
| നിർവ്വഹണം | :- | വി.ഇ.ഒ |
| അടങ്കൽ | :- | 1,00,000/- |
| ബിൽ നം./തീയതി &തുക | :- | 12/16-17/31.03.17 ₹1,00,000 |

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷാ വിതരണവും (റ്റി.എസ്.പി) എന്ന പദ്ധതിയിൽ 2 ഗുണഭോക്താക്കൾക്കായി ₹1,00,000/- നൽകിയിട്ടുണ്ട്. വികസന പദ്ധതി മാർഗ്ഗരേഖ പ്രകാരം ധനസഹായമായി നൽകാവുന്ന തുക ₹50000/-ആണ്. 11.01.2016-ലെ ജി.ഒ (എം.എസ്)4/2016 /തസ്വഭവ പ്രകാരം ടി പദ്ധതി വായ്പാബന്ധിത പ്രോജക്ടായിരിക്കണമെന്നും ധനസഹായമായി നൽകിയ തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് നം.536/16/ത.സ്വ.ഭ.വ. തീയതി.09.02.16 പ്രകാരം വാഹനം നൽകുന്ന ഡീലർക്കോ തുക നൽകാവുന്നതാണ് എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മാത്രമല്ല ഗുണഭോക്താക്കൾ ബാങ്കിൽ നിന്ന് ലോൺ എടുത്തതിന്റെ വിശദാംശങ്ങളോ ലോൺ തുക ബാങ്കിലേയ്ക്ക് തവണകളായി അടച്ചതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടി കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(നം.8) നൽകിയ മറുപടിയിൽ ബാങ്കിൽ നിന്നുള്ള രേഖകൾ, വാഹന ഉടമസ്ഥതാ സാക്ഷ്യ പത്രം എന്നിവ ഫയിൽ ചേർത്തിട്ടുണ്ടെന്ന് നിർവ്വഹണം നടത്തിയ വി.ഇ.ഒ അറിയിച്ചിട്ടുണ്ടെങ്കിലും യാതൊരു രേഖകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകളാൽ ധനസഹായമായി നൽകിയ ₹1,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഭരണ സമിതി അന്വേഷണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 വ്യക്തിഗത കക്കൂസ് നിർമ്മാണം -പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ -76/17

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വ്യക്തിഗത കക്കൂസ് നിർമ്മാണം(ജനറൽ) എന്ന പ്രോജക്ട് പ്രകാരം മുൻകൂർ കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഡി.ഡി നമ്പർ/ തിയതി | നൽകിയ തുക |
|---|---|---|---|
| 1 | ലിസ്സി ജോസഫ് മേച്ചേരിൽ മോർക്കാട് | 18138/14.10.16 | 6000 |
| 2 | രാമകൃഷ്ണൻ മഷികല്ലേൽ കുടയത്തൂർ | 18918/19.09.16 | 6000 |
| | ആകെ | | 12000 |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പണിപൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പണി പൂർത്തീകരിക്കുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്. ₹12000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 ഇ.എം.എസ് ഭവനനിർമ്മാണം - പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

2009-10 ൽ ആരംഭിച്ച ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ

നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. ഗൃഹനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലായെങ്കിൽ ധനസഹായം നൽകിയ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് | നൽകിയ തുക (₹) |
|---|---|---|---|
| 1 | കുട്ടിയമ്മ ജോസഫ് | 12 | 67500 |
| 2 | റോസമ്മ ജോസ് | 6 | 67500 |
| 3 | ബിന്ദു സുബാഷ് | 12 | 52500 |
| 4 | ജെസ്സി ജോയി | 2 | 67500 |
| 5 | സോളി ബാബു | 2 | 52500 |
| 6 | സുനില ബേബി | 8 | 22500 |
| 7 | ഗീതു അനുരാജ് | 9 | 52500 |
| 8 | മേരി പാപ്പച്ചൻ | 11 | 22500 |
| 9 | മിനി ജോർജ് | 6 | 52500 |
| 10 | ത്രേസ്യാമ്മ ഔസേഫ് | 6 | 52500 |
| 11 | മേരി മാത്യു | 6 | 22500 |
| 12 | സിന്ധു സെബാസ്റ്റ്യൻ | 6 | 52500 |
| 13 | ജോളി സമുവേൽ | 6 | 60000 |

## 3-6 ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) ലാപ്പ്ടോപ്പ് വിതരണം- അധികം തുക നൽകി

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ (S073/17) എന്ന പദ്ധതിയിൽ സബ്സിഡി മാർഗരേഖ ഉത്തരവ് നം.312/2012/തസ്വഭവ/16.11.2013 പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി ₹25000/- ആണ് നൽകാവുന്നത്. എന്നാൽ ഒരു ലാപ് ടോപ്പിന് ₹25800/- വീതം രണ്ട് ഗുണഭോക്താക്കൾക്ക് ബിൽ നം.1/16-17/20.10.16 പ്രകാരം ₹51600/- ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച ₹1600/- ഉത്തരവാദിയായ

നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ബി) ഗവ.എൽ.പി.സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ- വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും ഒരു സ്കൂളിന് വിതരണം ചെയ്തു.

ഗവ. എൽ.പി.സ്കൂളുകൾക്ക് കംപ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ എന്നിവ നൽകൽ (SO74/17) പദ്ധതിയിൽ ഗവ. ന്യൂ എൽ.പി.സ്കൂൾ കുടയത്തൂരിന് LCD മോണിറ്ററും, കോളപ്ര ഗവ. എൽ.പി.സ്കൂളിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനാണ് നിശ്ചയിച്ചിരുന്നത്. കെൽട്രോണിൽ നിന്ന് (ബിൽ നം.പി/383/2015-16/21.3.16 പ്രകാരം) ഒരു കംപ്യൂട്ടർ, എൽ.സി.ഡി. മോണിട്ടർ, പ്രോജക്ടർ എന്നിവ വാങ്ങി. (ബിൽ നം.2/16-17/20.10.17 പ്രകാരം ₹77700/-) എന്നാൽ ഗവ. ന്യൂ എൽ.പി.സ്കൂൾ കുടയത്തൂരിന് മാത്രമാണ് വാങ്ങിയ എല്ലാ സാമഗ്രികളും നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21.7.17) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം പ്രോജക്ട് വ്യതിചലിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. അപാകത നിലനിൽക്കുന്നതിനാൽ ₹77700/- തടസ്സപ്പെടുത്തുന്നു.

## 3-7 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനത്തിന്റെ വിഹിതം എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായോ, ശമ്പള ബില്ല് മാറുന്ന തീയതിയിലോ ഒടുക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം(സർക്കുലർ നം.എഫ്.3/26572/03/തീ.17.11.2013) ഉണ്ടായിരുന്നിട്ടും കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-14, 2014-2015, 2015-2016, 2016-2017എന്നീ വർഷങ്ങളിൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. മാത്രമല്ല, തനത്ഫണ്ട് നാമമാത്രമായതിനാലും പൊതു ഉദ്ദേശ്യ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കേണ്ടതിനാലുമാണ് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവാൻ സാധിക്കാത്തത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചത്. പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക സംബന്ധിച്ച് വ്യക്തമായ കണക്കെടുത്ത് അത് ഭരണസമിതിയിൽ ചർച്ച ചെയ്ത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം മുൻവർഷ റിപ്പോർട്ടിലും ചൂണ്ടികാണിച്ചിരുന്നെങ്കിലും നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നകാര്യം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 തെരുവ് വിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16 മുതൽ 3/17 വരെ ₹26577/-/- നിരക്കിൽ ₹318924/- കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, എണ്ണം, നിരക്ക് തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.03.2013-ലെ 65529/ഡി.സി.3/12/നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ട്രൈബൽ മെഡിക്കൽ ക്യാമ്പ് -രേഖകൾ ഹാജരാക്കിയില്ല

| ബിൽ നമ്പർ തിയതി | തുക |
|---|---|

| | |
|---|---|
| 3/16-17/17.11.16 | 50000 |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ട്രൈബൽ മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതിക്കായി ₹50000/-ചെലവഴിച്ചിട്ടുണ്ട്. ക്യാമ്പ് നടത്തുന്നതിനായി മൂവാറ്റുപുഴയിലെ സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും ₹35000/-യുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ക്യാമ്പിൽ പങ്കെടുത്ത വ്യക്തികളുടെ എണ്ണം, പരിശോധനയുടെ വിശദാംശങ്ങൾ, മരുന്ന് നൽകിയതിന്റെ വിവരം തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹50000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ജവഹർ ഭവനനിർമ്മാണം - പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് | ജവഹർ ഭവനനിർമ്മാണം |

2016-17വർഷം വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജവഹർ ഭവനനിർമ്മാണപദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 29.02.16ൽ എഗ്രിമെന്റ് വെയ്ക്കുകയും 31.03.2017ൽ പണി പൂർത്തീകരിക്കുകയും ചെയ്യുമെന്ന് കരാർ വെച്ചിരുന്നുവെങ്കിലും തൻ വർഷം പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയിൽ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലായെങ്കിൽ നൽകിയ ധനസഹായം പലിശ സഹിതം ഈടാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് | വാർഡ് | നൽകിയ തുക (₹) |
|---|---|---|---|
| 1 | ഗ്രേസി കുര്യൻ | 10 | 140000 |
| 2 | രാധാ കെ.എസ് | 10 | 20000 |
| 3 | ഓമന സനൽ കുമാർ | 12 | 180000 |
| 4 | ലീലാമ്മ ജോസ് | 6 | 80000 |
| 5 | വർഗ്ഗീസ് കെ.എ | 2 | 170000 |
| 6 | ഷീല മോഹനൻ | 10 | 20000 |
| 7 | ലിസ്സി ജോസഫ് | 7 | 80000 |
| 8 | ബിന്ദു സജി | 7 | 180000 |
| 9 | തങ്കമണി സുകുമാരൻ | 9 | 140000 |

| | | | |
|---|---|---|---|
| 10 | ത്രേസ്യാമ്മ തോമസ് | 4 | 20000 |
| 11 | ശ്രീദേവി മണി | 6 | 80000 |
| 12 | ലീല കൃഷ്ണൻകുട്ടി | 1 | 20000 |

## 3-11 തെരുവുനായ നിയന്ത്രണം - പദ്ധതി പൂർത്തീകരിച്ചില്ല – തടസ്സം - ₹1,00,000/-

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവു നായ്ക്കളുടെ പ്രജനനം തടയുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയ്ക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി ബിൽ നം. 7/16-17/28.3.17 പ്രകാരം ₹1,00,000/- പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിനാൽ ₹1,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ലു കുപ്പി വിതരണം ചെയ്തില്ല.

സമഗ്ര പൂരക പോഷകാഹാര പരിപാടി എന്ന പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ വില ₹56/- ൽ നിന്ന് ₹70/- ആയി വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ (നം.(സാധാ) 159/2017/ തസ്വഭവ/19.1.17) ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ഓരോ ചില്ലു കുപ്പി വീതം നൽകണമെന്നും അത് ന്യൂട്രിമിക്സ് അടച്ചു സൂക്ഷിക്കാനാണെന്ന് അമ്മമാരെ ബോധവൽക്കരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജനവരി 2017 മുതൽ വർദ്ധിപ്പിച്ച നിരക്കിലാണ് ന്യൂട്രിമിക്സ് വാങ്ങുന്നത്. എന്നാൽ കുടയത്തൂർ പഞ്ചായത്തിലെ ന്യൂട്രിമിക്സ് ഉപഭോക്താക്കൾക്ക് ഇപ്രകാരം ചില്ല് കുപ്പി നൽകിയിട്ടില്ല. അടിയന്തിരമായി ന്യൂട്രിമിക്സ് യൂണിറ്റുകളിൽനിന്നും ചില്ല് കുപ്പി ലഭ്യമാക്കി ഉപഭോക്താക്കൾക്ക് നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | ചെക്ക് നം. | | | |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതിബോർഡ് | മാളിയേക്കൽ കോളനി ഭാഗം വൈദ്യുതി ലൈൻ നീട്ടൽ | 41/16-18/ 28.1.17 | 99515 | - | 99515 |
| കേരളാ വാട്ടർ അതോറിട്ടി | വിവിധ കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | 50/16-17/ 29.03.17 | 56000 | | 56000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 69047/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-2004 | 3-7 | 69047 | ഒ.കെ.ശ്രീധരൻ | 11603400007/30.01.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 31 | 2003-2004 | | ഹാൾ നിർമ്മിക്കുന്നതിന് അധിക തുക നൽകി | |
| 2003-2004 | 3-7 | 2006-2007 | 3.35.1 | വാട്ടർ അതോറിറ്റി- നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | |
| 2004-2005 | 3-2 | 2006-2007 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2004-2005 | 3-10 | 2006-2007 | 3.35.2 | | |
| 2012-2013 | 2-42-4 | 2012-2013<br>2012-2013 | 2-4<br>30, 32 പേജ് | ലഘുഅവലോകനം<br>തുടർ സക്ഷരതാ പരിപാടി- ലഘുഅവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27329407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 26881377 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10795 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 433100 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹10795/- | മാർട്ടിൻ തോമസ് കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹93400/- | സജി തോമസ് സെക്രട്ടറി |
| 3-3 | ₹100000/- | സുധീർ യു.എ വി.ഇ.ഒ. |
| 3-4 | ₹12000/- | സുധീർ യു.എ, വി.ഇ.ഒ. |
| 3-6(2) | 77700/- | ശ്രീമതി രമാഭായി .ജെ ഹെഡ് മാസ്റ്റർ |
| 3-9 | ₹50000/- | ഡോ.രഞ്ജിത്ത് കെ.ആർ മെഡിക്കൽ ഓഫീസർ |
| 3-11 | ₹1,00,000/- | ഡോ.മറിയാമ്മതോമസ്, വെറ്ററിനറി സർജൻ |
| ആകെ | 433100/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാർട്ടിൻ തോമസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കുടയത്തൂർ ഗ്രാമപഞ്ചായത്ത് | തടത്തിൽ,അഞ്ചിരി,<br>ഇളംദേശം പി.ഒ |
| ശ്രീമതി.രമാഭായി.ജി<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ഗവ.എൽ.പി.എസ്,കോളപ്ര | നെല്ലിക്കുന്നേൽ,<br>തൊടുപുഴ ഈസ്റ്റ് പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-1986<br>1986-1987 | എൽ.എഫ്.ഐ.6/379/96/15.09.99 |
| 1987-1988 | -ടി- |
| 1988-1989<br>1989-1990 | -ടി- |
| 1990-1991<br>1991-1992 | -ടി- |
| 1992-1993 | എൽ.എഫ്.ഐ.6/ 305/94/28.11.94 |
| 1993-1994 | എൽ.എഫ്.ഐ.6/ 162/95/3.06.95 |
| 1994-1995 | എൽ.എഫ്.ഐ.6/ 63/96/29.04.96 |
| 1995-1996 | എൽ.എഫ്.ഐ.6/ 247/98/5.10.98 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 |
| 1997-1998 | എൽ.എഫ്.ഐ. 7/ 587/99/11.10.99 |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 |
| 1999-2000 | എൽ.എഫ്.ഐ.7/ 101/2002/31.8.2002 |
| 2000-2001 | എൽ..എഫ്.ഐ.7/734/02/6.8.2003 |
| 2001-2002 | എൽ.എഫ്.ഐ.7/141/04/16.6.04 |

| | |
|---|---|
| 2002-2003 | എൽ.എഫ്.ഐ.7/ 669/04/25.01.2005 |
| 2003-2004 | എൽ.എഫ്.ഐ.8/ 604/05/6.4.2006 |
| 2004-2005 | എൽ.എഫ്.ഐ.8/ 595/06/19.0.2006 |
| 2005-2006 | എൽ.എഫ്.ഐ.8 265/08/5.09.2008 |
| 2006-2007 | എൽ.എഫ്.ഐ.8 879/08/28.01.2009 |
| 2007-2008 | എൽ.എഫ്.ഐ.8 509/10/6.01.11 |
| 2008-2009 | എൽ.എഫ്.ഐ.10/ 298/10/17.10.11 |
| 2009-2010 | എൽ.എഫ്.ഐ.10/ 310/10/17.10.11 |
| 2011-2012 | എൽ.എഫ്.ഐ.10/ 1056/12/5.02.13 |
| 2012-2013 | എൽ.എഫ്.ഐ -10/1343/2014/14.1.15 |
| 2013-2014 | എൽ.എഫ്.ഐ-10/1343/2014/14.1.15 |
| 2014-2015 | എൽ.എഫ്.ഐ-10/270/2016/5.5.2016 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/1494/16/9.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ- 10/990/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തീയതി:27.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-10/990/2017

Kerala State Audit Department
District Audit Office,Idukki
Ph:04862-227332
e-mail:doidk.ksad@kerala.gov.in
Dt: 27.07.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KUDAYATHOOR Grama Panchayat in Idukki District for the year ended on 31-03-2017 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of KUDAYATHOOR Grama Panchayath for the year 2016-2017 except the observations in my Audit Report properly presents the picture of Income and Expenditure .

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT